ചോദ്യം ചോദിക്കുന്നതു അഭിപ്രായ വ്യത്യാസമുണ്ടാകാത്ത നിലയിൽ ആയിരിക്കണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ചോദ്യം ചോദിക്കാൻ അനുവദിച്ച സമയം ദുരുപയോഗപ്പെടുത്തുകയാണു മി. മാണി ചെയ്തതു്. മുഖ്യമന്ത്രിയുടെ പേരിൽ വ്യക്തമായ ആരോപണമുണ്ടെന്നു പത്രത്തിൽ വരാൻ വേണ്ടി ആ കാര്യം ആവർത്തിച്ചാവർത്തിച്ചു പറയുകയാണു്. ഇതു അനുവദിക്കാൻ പാടില്ല.

Shri K. M. Mani : I am asking a question, and the Speaker has allowed me to put it. I am putting the question. That is my right. ശ്രീ. ഇ. എം. എസ്സിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണത്തെപ്പറ്റി.....

ശ്രീ. സി. കെ. ബാലകൃഷ്ണൻ : മുഖ്യമന്ത്രിയുടെ പേരിൽ ആരോപണമുണ്ടെങ്കിൽ വേറെ മാർഗ്ഗമുണ്ടല്ലോ. ചോദ്യോത്തരസമയം അതിനു് ഉപയോഗിക്കാൻ പറ്റുകയില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ചോദ്യോത്തരസമയം പ്രസംഗിക്കാൻ ഉപയോഗിക്കുന്നതു ശരിയല്ല. റൂൾസിൽ അതു വ്യക്തമായിട്ടു പറയുന്നുണ്ടു്. A question shall not contain arguments, inference, etc. It shall be for eliciting information.

മി. സ്പീക്കർ : ആർഡർ, ആർഡർ. ചോദ്യോത്തരസമയം കഴിഞ്ഞിരിക്കുന്നു.

ചോദ്യോത്തരസമയത്തു ഇങ്ങനെ പരസ്പരം വാഗ്വാദം നടത്തുന്നതു ശരിയല്ല. ഈമാതിരി ഒരു സ്ഥിതിഗതി ഉണ്ടായതു ഖേദകരമായിപ്പോയി. ചോദ്യം ചോദിക്കാൻ ഒരു വിഭാഗത്തിനു കൂടുതൽ സമയം കിട്ടിയിട്ടുണ്ടു്. അതൊരു പരാതിയായി പറയുന്നു. ചോദിക്കുന്ന ചോദ്യത്തെ സംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസം ഉണ്ടാകുന്നു എന്ന പരാതിയും ഉണ്ടു്. ഒരാൾ കൂടുതൽ ചോദ്യം ചോദിക്കുന്നതിനെ സംബന്ധിച്ചിടത്തോളം അതൊരു കുറവായിട്ടു പറയാൻ സാദ്ധ്യമല്ല. കൂടുതൽ ചോദ്യം ചോദിക്കുന്നതു് വ്യക്തമായ മറുപടി കിട്ടാനായിരിക്കും. എന്തായാലും ഇതിനെപ്പറ്റി കൂടുതലായിട്ടൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഇതു ആവർത്തിക്കരുതെന്നു മാത്രമേ പറയുന്നുള്ളൂ.

(ii) WRITTEN ANSWERS

നൈലോൺ നൂലു് സബ്സിഡി

* 198 [715] ശ്രീ. ജെ. കമാലിയാസു് മൊറായിസു് : താഴെക്കണ്ടന്ന ചോദ്യങ്ങൾക്കു പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യോല്പാദന സഹകരണസംഘങ്ങൾക്കു് നൈലോൺ നൂൽ സബ്സിഡി അടിസ്ഥാനത്തിൽ കൊടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഗവർമ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം 1969 മാർച്ചു് അവസാനം വരെ എത്ര കിലോ നൈലോൺ നൂൽ സഹകരണ സംഘങ്ങൾക്കും വ്യക്തികൾക്കും കൊടുത്തിട്ടുണ്ടു്;

(സി) ഓരോ ജില്ലയിലും കൊടുത്തിട്ടുള്ള നൂൽ എത്രയെന്നു കാണിക്കുന്ന പട്ടിക മേശപ്പുറത്തു വയ്ക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) ഉണ്ട്.

(ബി) 9,125·18 കിലോഗ്രാം.

(സി)

തിരുവനന്തപുരം	..	1887·245	കി:ഗ്രാം
കൊല്ലം	..	105·000	,,
കോട്ടയം	..	67·000	,,
ആലപ്പുഴ	..	..	..
എറണാകുളം	..	719·005	,,
തൃശ്ശൂർ	..	914·815	,,
പാലക്കാട്	..	505·000	,,
കോഴിക്കോട്	..	4510·115	,,
കണ്ണൂർ	..	408.000	,,
		9125·180	,,

കൊല്ലം നഗരിയിലെ കടന്നാക്രമണം

* 199 [717] ശ്രീ. ഇ. അഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടിനൽകുമോ:

(എ) 1969 സെപ്റ്റംബർ 9–ാം തീയതി കൊല്ലം നഗരിയിൽ ഒരു വിഭാഗം സായുധരായ ജനങ്ങളും കടകളും മറ്റും കടന്നാക്രമിച്ചുവെന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വല്ല അന്വേഷണവും നടത്തിയോ;

(സി) എങ്കിൽ അന്വേഷണത്തിൽ വെളിവായ സംഗതികളും എന്തെല്ലാം;

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ):

(എ) ഉണ്ട്.

(ബി) ആൻറ് (സി) കൊല്ലം പോലീസ് രണ്ട് (2) കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സുകളും അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

ഇരുമ്പയിര് നിക്ഷേപം

* 200 [718] ശ്രീ. എം. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിനു വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ;

കോഴിക്കോട്ടെ ഇരുമ്പയിര് നിക്ഷേപം ഉപയോഗിച്ചുകൊണ്ട് സ്റ്റീൽ പ്ലാൻറ് ആരംഭിക്കുവാൻ എന്തു നടപടികളും സ്വീകരിച്ചു?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്):

ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയുടെ സർവ്വെ പൂർത്തിയായിട്ടില്ല. അവരുടെ സർവ്വെ റിപ്പോർട്ട് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly